നം.ബി 2/4500/ 2010/ഡി.എം.ഇ

**കേരള സർക്കാർ**

മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം
തിരുവനന്തപുരം
തീയതി 19-06-2010

## വിജ്ഞാപനം

2010..ലെ മെഡിക്കൽ പി.ജി. കോഴ്സിൽ ഒഴിവുള്ള/ഒഴിവുവരാൻ സാധ്യതയുള്ള സീററുകളിലേയ്ക്കുള്ള സർവ്വീസ് ക്വാട്ടയിലെ അവസാന ഘട്ട കൗൺസലിംഗ് **2010 ജൂൺ മാസം 26**-ാം തീയതി രാവിലെ **10** മണിക്കും, ജനറൽ മെറിററ് / എസ് സി / എസ് ററി/ മററു സംവരണ വിഭാഗങ്ങളിലേയ്ക്കുള്ള അവസാന ഘട്ട കൗൺസലിംഗ് **2010 ജൂൺ മാസം 29**-ാം തീയതി രാവിലെ **10** മണിക്കും, തിരുവനന്തപുരം മെഡിക്കൽ കോളേജ് ആഡിറേറാറിയത്തിൽ(old) വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

അതാതു സർവ്വീസ് ക്വാട്ടയിലെ റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള യോഗ്യരായവർക്കും, പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്കും ഈ കൗൺസലിംഗിൽ പങ്കെടുക്കാവുന്നതാണ്. എന്നാൽ ആദ്യ ഘട്ട കൗൺസലിംഗിന്റെ വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടും കൗൺസലിംഗിൽ പങ്കെടുക്കാത്തവരെയും, ആദ്യം അനുവദിച്ച കോഴ്സിൽ പ്രവേശനം എടുക്കാത്തവരെയും, കോഴ്സിൽ ചേർന്ന ശേഷം വിട്ടിട്ട് പോയവരെയും ഈ കൗൺസലിംഗിലേയ്ക്ക് പരിഗണിക്കുന്നതല്ല. ആദ്യ ഘട്ട കൗൺസലിംഗിൽ, എടുത്ത കോഴ്സിൽ തന്നെ തുടരുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഈ കൗൺസലിംഗിൽ പങ്കെടുക്കേണ്ടതില്ല. ഒഴിവുള്ള സീററുകളുടെ വിവരം **ജൂൺ മാസം 23**-ാം തീയതിക്ക് ശേഷം **"www.dme.kerala.gov.in"** എന്ന വെബ് സൈററിൽ ലഭ്യമായിരിക്കും. കൗൺസലിംഗിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ, മേൽപ്പറഞ്ഞ വെബ് സൈററിൽ നിന്നും ഓപ്ഷൻ ഫാറത്തിന്റെ നിർദ്ദിഷ്ട രൂപം ഡൗൺലോഡ് ചെയ്ത് എടുക്കേണ്ടതാണ്. വിദ്യാർത്ഥികൾ പ്രവേശന പരീക്ഷയുടെ അഡ്മിറ്റ് കാർഡും സർട്ടിഫിക്കറ്റുകളുടെ അസ്സലും ഹാജരാക്കേണ്ടതാണ്. എന്നാൽ ആൾ ഇൻഡ്യ/ സ്റ്റേററ് ക്വാട്ടയിൽ ഇതിനോടകം തന്നെ കേരളത്തിൽ അഡ്മിഷൻ ലഭിച്ച വിദ്യാർഥികൾ, അസ്സൽ സർട്ടിഫിക്കറ്റുകൾക്ക് പകരമായി, തങ്ങൾക്ക് ലഭിച്ച അഡ്മിഷന്റെ രേഖകൾ ഹാജരാക്കിയാൽ മതിയാകും.

ഹയർ ഓപ്ഷനിൽ സെലക്ഷൻ ലഭിക്കുന്നതനുസരിച്ച് ഉണ്ടാകുന്ന ഒഴിവുകളിലേക്കും ടി ദിവസങ്ങളിൽ അലോട്ട്മെന്റ് നൽകുന്നതായിരിക്കും. സംവരണ വിഭാഗങ്ങളിലെ റാങ്ക് ലിസ്റ്റിലെ എല്ലാ വിദ്യാർഥികളെയും പരിഗണിച്ച ശേഷവും സീററു ഒഴിവു വരുന്ന സാഹചര്യത്തിൽ ആ സീററുകൾ ജനറൽ മെറിററ് വിദ്യാർഥികൾക്ക് അലോട്ട് ചെയ്യുന്നതായിരിക്കും. ആകയാൽ ഈ സീററുകൾ താൽപര്യമുള്ള വിദ്യാർഥികൾ എല്ലാ അലോട്ട്മെന്റും തീരുന്നതു വരെ അലോട്ട്മെന്റ് കേന്ദ്രത്തിൽ തന്നെ ഉണ്ടായിരിക്കേണ്ടതാണ്.

റാങ്കിന്റെ അടിസ്ഥാനത്തിലും, സീറ്റുകളുടെ ലഭ്യത അനുസരിച്ചും അലോട്ട്മെന്റ് ലഭിക്കുന്നതാണ്. **ജൂൺ 26**-ാം തീയതി അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ **28**-ാം തീയതി തന്നെ അതാതു കോളേജുകളിൽ റിപ്പോർട്ട് ചെയ്യേണ്ടേതാണ്. എന്നാൽ **ജൂൺ 29**-ാം തീയതി അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ പ്രസ്തുത ദിവസം തന്നെ അലോട്ട്മെന്റ് കേന്ദ്രത്തിൽ വച്ചു അഡ്മിഷൻ എടുക്കേണ്ടതാണ്.

അന്നേ ദിവസം അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ പ്രോസ്പെക്ടസ്സ് പ്രകാരമുള്ള എല്ലാ ഫീസും അലോട്ട്മെന്റ് കേന്ദ്രത്തിൽ അടയ്ക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ പ്രോസ്പെക്ടസ്സ് പ്രകാരമുള്ള ബോണ്ടും അഡ്മിഷൻ നടത്തുന്ന ദിവസം തന്നെ നിശ്ചയമായും സമർപ്പിക്കേണ്ടതാണ്.

അവസാന ഘട്ട അലോട്ട്മെന്റിനു ശേഷം കോഴ്സ് വിട്ടിട്ട് പോകുന്നവർ പ്രോസ്പെക്ടസ്സ് പ്രകാരമുള്ള നഷ്ടപരിഹാര തുക അടക്കേണ്ടതാണ്. ക്ലാസ്സുകൾ 2010 ജൂലായ് മാസം ഒന്നാം തീയതി ആരംഭിക്കുന്നതാണ്.

*ഒപ്പ്*
*ഡയറക്ടർക്കുവേണ്ടി*